കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail: dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# കൊപ്പം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി13/314/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

e-mail:dopkd.ksad@kerala.gov.in

ഫോൺ- 0491-2520145

തീയതി- 29.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**കൊപ്പം** ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : **കൊപ്പം** ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കൊപ്പം** ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും, ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും )ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി13/314/2019 തീയതി- 29.03.2019

**പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

പാലക്കാട് ജില്ലയിലെ **കൊപ്പം** ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 21-8-2017 മുതൽ 12.02.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.02.2019 മുതൽ 22.02.2019 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.പ്രകാശ്ബാബു.കെ.ആർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| 2 | ശ്രീ. കെ.പി.മുഹമ്മദ് ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ. ഷർഫുദ്ദീൻ.എസ്.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 4 | ശ്രീ. രഞ്ജിത്ത്.ആർ | ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

| പ്രസിഡണ്ട് | |
|---|---|
| ശ്രീമതി.സുമിത.പി | 01-04-2017 മുതൽ 31-03-2018 വരെ |
| **സെക്രട്ടറി** | |
| ശ്രീമതി.എം.വിജയലക്ഷ്മി | 01.04.2017 മുതൽ 31.07.2017 വരെ |
| ശ്രീ.മനോജ്.പി(സെക്രട്ടറി ഇൻചാർജ്ജ്) | 01.08.2017 മുതൽ 14.11.2017 വരെ |
| ശ്രീമതി.നിഷ എൻ തയ്യിൽ | 15.11.2017 മുതൽ 31.03.2018 വരെ |

<u>(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി.ശാന്ത എം.കെ | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. മനോജ്.പി | 01-04-2017 മുതൽ 18-01-2018 വരെ |
| | ശ്രീ.ജിനചന്ദ്രൻ.കെ.പി | 19-01-2018 മുതൽ 31-03-2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ശാലിനി.കെ.എം | 01-04-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.സി.പി.സതീദേവി | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. സിദ്ദീഖ്.പി | 01-04-2017 മുതൽ 01-08-2018 വരെ |
| | ഡോ. ഗീത.വി.സി | 02-08-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. കോമളം.ബി.കെ | 01-04-2017 മുതൽ 18-10-2017 വരെ |
| | ഡോ. അബ്ദുൾ സലാം ഷബീർ | 19-10-2017 മുതൽ 30-10-2017 വരെ |
| | ഡോ. നിശാന്ത്.പി.പി | 31-10-2017മുതൽ 31-03-2018 വരെ |
| | | |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ധന്യ.എം | 01-04-2017 മുതൽ 31-03-2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സിന്ധു.വി.പി | 01-04-2017 മുതൽ 29-10-2017 വരെ |
| | ശ്രീമതി. ലീന.എസ്.എൽ | 30-10-2017 മുതൽ 31-03-2018 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ശോഭന.പി.വി | 01-04-2017 മുതൽ 31-03-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ജാസ്മിൻ.സി.ജെ | 01-04-2017 മുതൽ 31-03-2018 വരെ |

# ഭാഗം -1

# പൊതു അവലോകനം


# പൊതു അവലോകനം


## 1-1 ബജറ്റ്

24.03.2017 തീയതിയിലെ 1നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.03.2018 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 5-07-2018 | 15-05-2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.05.2018 മുതൽ 26.05.2018 വരെ | നം.കെ.എസ്.എ-പികെഡി.21/1904(64)/2018 |

| | | |
|---|---|---|
| | | തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7115386 |
| വരവ് | 63998710 |
| ആകെ | 71114096 |
| ചെലവ് | 60754020 |
| നീക്കിയിരിപ്പ് | 10360076 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 11546000 | 11546000 | 11371440 | 174560 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 8532584 | 8532584 | 6904696 | 1627888 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 29988 | 29988 | 29988 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 12498000 | 12498000 | 12199669 | 298331 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 2615000 | 2615000 | 2134124 | 480876 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 5515868 | 5515868 | 733888 | 4781980 |
| കെ.എൽ.എസ്.ജി.ഡി.പി | | 0 | 2716999 | 2716999 | 2716999 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 10538821 | 10538821 | 10538821 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 2434115 | 2434115 | 2395690 | 38425 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടി.എസ്.സി | 792000 | 0 | 792000 | 0 | 792000 |
| | ഐ.സി.ഡി.എസ് | 1813058 | 520138 | 2333196 | 411362 | 1921834 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | സാക്ഷരത | 0 | 0 | 0 | 0 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1112550 | 1112550 | 617750 | 494800 |
| | ജില്ലാ പഞ്ചായത്ത് | 0 | 650000 | 650000 | 650000 | 0 |
| ബി ഫണ്ട് | | 0 | 393862 | 393862 | 393862 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2662989 | 12984816 | 15647805 | 10371455 | 5276350 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് | 3883636 | 9657512 | 13541148 | 9710630 | 3830518 |
| ജോയിന്റ് വെൻച്വർ | ട്രഷറി TSB- | 228199 | 2529563 | 2757762 | 1738731 | 1019031 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 302 | 76308250 | 182 | 41351925 | 0 | 120 | 54.19 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതി ചെലവുകൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 32 | 18 | 9335653 | 4040000 | 43.2 |
| കൃഷി ഓഫീസർ | 5 | 5 | 5236360 | 3426204 | 65.43 |
| വെറ്ററിനറി സർജൻ | 0 | 0 | 0 | 0 | 0 |
| മെഡിക്കൽ ഓഫീസർ-PHC | 1 | 1 | 750000 | 722600 | 96.3 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 4166250 | 2081684 | 50 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 229 | 133 | 36869318 | 19820533 | 53.75 |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 5 | 7794347 | 4708998 | 60.41 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 550002 | 550002 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 13 | 9 | 8736320 | 3458004 | 39.58 |
| എച്ച്.എം | 6 | 4 | 2070000 | 1743900 | 84.24 |
| ആകെ | 302 | 182 | 76308250 | 41351925 | 54.19 |

അംഗീകാരം ലഭ്യമായ 302എണ്ണം പ്രൊജക്റ്റുകളിൽ 182എണ്ണം മാത്രമാണ് തൻവർഷംനടപ്പിലാക്കിയത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 54.19% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 2434115 | 2434115 | 2395690 | 38425 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10538821 | 10538821 | 10538821 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30360 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 2723100 | 228 |
| വിധവാ പെൻഷൻ | 12830900 | 1116 |
| വാർദ്ധക്യകാല പെൻഷൻ | 26858600 | 2283 |
| വികലാംഗ പെൻഷൻ | 3824800 | 365 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1207100 | 141 |

| | | |
|---|---|---|
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2019 ഉച്ചയ്ക്ക് ശേഷം 3.00ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46976രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

താഴെ പറയുന്ന അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

1. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകൽ-ചട്ടങ്ങൾ പാലിക്കേണ്ടതാണ്.
2. തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.
3. D&O ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.
4. സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
5. ബജറ്റ് തയ്യാറാക്കുന്നതിന് നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്.
6. ഭവന നിധി അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.
7. പട്ടികജാതി വിദ്യാർത്ഥികളുടെ ലാപ് ടോപ് വിതരണം-അർഹതാ രേഖകൾ ഹാജരാക്കേണ്ടതാണ്.
8. മൃഗസംരക്ഷണ രംഗത്ത് പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.
9. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്.
10. അങ്കണവാടി പോഷകാഹാര വിതരണം--കേന്ദ്ര വിഹിതം വിനിയോഗിക്കേണ്ടതാണ്.
11. കരാറുടമ്പടി വെക്കാൻ കാലതാമസം വരുത്തിയതിന് നിയമാനുസൃതപിഴ ഈടാക്കേണ്ടതാണ്.
12. ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ രേഖകൾ സൂക്ഷിക്കേണ്ടതാണ്.
13. മോട്ടോർ അറ്റകുറ്റപ്പണികൾക്ക് കിഴിവ് ചെയ്ത തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്.

14. അങ്കണവാടി കെട്ടിടനിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

15. തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

16. ഫെസ്റ്റിവൽ അഡ്വാൻസ് തുകകൾ ക്രമീകരിക്കേണ്ടതാണ്.

17. സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

18. ഡെപ്പോസിറ്റ് പ്രവത്തികളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

19. വാഹന ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

20. മോണിറ്ററിംഗ് സംവിധാനം ഫലപ്രദമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.01.2019 | 12/2018 | 28.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.7.2003മുതൽ 12.8.2003വരെ | 1997-98മുതൽ 2002-03വരെ | 28.4.2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ
ഒന്നുമില്ല

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകൽ, ക്രമവൽകരണം എന്നിവ ചട്ടങ്ങൾ പാലിച്ച് നടത്തേണ്ടതാണ്

കൊപ്പം ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, പെർമിറ്റ് ഫയലുകൾ, ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

**1. രജിസ്റ്ററുകൾ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല**

(എ). കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ

കെട്ടിട നിർമ്മാണ പെർമിറ്റിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. കെട്ടിടത്തിന്റെ തരം, വിസ്തീർണ്ണം, തറവിസ്തീർണ്ണാനുപാതം, അടവാക്കിയ ഫീസ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ചില അപേക്ഷകൾക്ക് നേരെ അനുവദിച്ചതോ നിരസിച്ചതോ ആയ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ആകെ അനുവദിച്ച പെർമിറ്റുകൾ എത്രയെന്നത് വ്യക്തമല്ല.

(ബി). കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 137(3) പ്രകാരം കെട്ടിടങ്ങളുടെ ക്രമവൽകരണം സംബന്ധിച്ച നിബന്ധനകൾ, രാജിയാക്കൽ ഫീസ് എന്നിവ ഉൾപ്പെടെ പൂർണ്ണമായ വിവരങ്ങൾ അടങ്ങുന്ന ഒരു രജിസ്റ്റർ 'അനുബന്ധം-ജെ' മാതൃകയിൽ സൂക്ഷിക്കേണ്ടതാകുന്നു. ക്രമവൽകരണം സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുകയോ ക്രമവൽകരിച്ച കെട്ടിടത്തിന്റെ വിവരങ്ങൾ എവിടെയും രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

**2. പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയക്ക് പകരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയിരിക്കുന്നു**

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിച്ചിട്ടുള്ളത് (per sqare metre of floor area). കൂടാതെ കാർഷെഡ്, ടൊയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കേണ്ടതാണ്. ചട്ടം 8 -ൽ തറവിസ്തീർണ്ണം (Floor Area) കണക്കാക്കേണ്ട വിധം നിർവചിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയും മാന്വലായും അനുവദിച്ച മുഴുവൻ കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കും പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് പ്ലിന്ത് ഏരിയയാണ്.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 2/14.02.19 ന് മറുപടിയായി രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതാണെന്നും ചട്ടപ്രകാരം പെർമിറ്റ് ഫീസ് കണക്കാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. കൊപ്പം ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**1. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

| ക്രമ നം | പേര് | അർദ്ധവർഷം (2017-18) |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ് | 1 |
| 2 | പഞ്ചായത്ത് ഡ്രൈവർ | 2 |
| 3 | ഫ്യൂച്ചർ ലൈഫ്സ്റ്റൈൽ ഫാഷൻ | 1 |
| 4 | സഫ മാച്ച് സ്പ്ലിറ്റ്സ് | 1&2 |

**2.അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല**

2017-18 സാമ്പത്തിക വർഷം വിവിധ കരാർ പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട 57 അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

**3. റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

പഞ്ചായത്ത് പ്രദേശത്തെ റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 12/21.02.19 ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.
തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

**1. രജിസ്റ്ററുകൾ കൃത്യമായി പരിപാലിച്ചിട്ടില്ല**

പഞ്ചായത്ത് പ്രദേശത്തെ വ്യാപാരികളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് (ട്രേഡേഴ്സ് ലിസ്റ്റ്) സൂക്ഷിച്ചിട്ടില്ല. ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ സെക്രട്ടറി ഒപ്പു രേഖപ്പെടുത്തുകയോ നിരസിച്ചവയിൽ കാരണം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

**2. ഡി&ഒ ലൈസൻസ് ഫീ നിർണ്ണയം- 2017 ലെ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് ഫീസ് നിർണ്ണയ രീതി, സ.ഉ (പി) നം. 80/2017/തസ്വഭവ തീയതി 31.10.2017 പ്രകാരം പുറപ്പെടുവിച്ച ഭേഗദതി ചട്ടങ്ങൾ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ' എന്നത് 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്.

ഇതു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്.

രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് 2017-18 വർഷം നടപടികൾ കൈക്കൊള്ളുകയോ അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയോ ചെയ്തതായി കാണുന്നില്ല.

**3. അപേക്ഷയിന്മേൽ അന്വേഷണം നടത്താതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു**

ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്താതെയും സെക്രട്ടറി, അപേക്ഷയിന്മേൽ അനുവദിച്ചുകൊണ്ടുള്ള തീരുമാനം, ഒപ്പ് എന്നിവ രേഖപ്പെടുത്താതെയും ലൈസൻസ് അനുവദിച്ചിരിക്കുന്നു. ചില ഉദാഹരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | രജിസ്റ്റർ ക്രമ നം | ഫയൽ നം | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 222 എ | എ3-2679/17 തി 24.02.17 | മലബാർ ഗ്രാനൈറ്റ്സ്- ക്വാറി |
| 2 | 221 എ | എ3-2670/17 തി 24.02.17 | മലബാർ ഗ്രാനൈറ്റ്സ്- ക്രഷർ |
| 3 | 193 | എ3-2058/17 തി 16.03.17 | ക്വാളിറ്റി ഫ്യുവൽസ് (പെട്രോൾ പമ്പ്) |

**4. ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ റേഷൻ കടകൾ ഡി&ഓ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 18/21.02.19 ന് രജിസ്റ്ററുകൾ പൂർണ്ണമാക്കി

സൂക്ഷിക്കുന്നതാണെന്നും ഭേദഗതി ഉത്തരവുപ്രകാരമുള്ള ഫീസ് ഈടാക്കിവരുന്നുണ്ടെന്നും അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

1. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഡി&ഒ ലൈസൻസ് രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതുമാണ്.
2. ഭേഗദതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിർണ്ണയിക്കേണ്ടതും അപേക്ഷകളിൽ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്
3. ഡി & ഒ ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പവരുത്തേണ്ടതാണ്.
4. ആവശ്യമായ അന്വേഷണങ്ങൾക്കുശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-4 സേവന ഉപനികുതി ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്

വരവ് വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമായി സേവന ഉപനികുതി ഏർപ്പെടുത്താവുന്നതാണ്. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

സേവന ഉപനികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം ഭരണസമിതി പരിശോധിക്കുന്നതാണെന്ന് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം.21/21.02.19). തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 2-5 രശീതികളുടെ ഉപയോഗത്തിൽ സൂക്ഷ്മത പാലിക്കേണ്ടതാണ്

24.05.2017 ലെ സ.ഉ (സാധാ)നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1.8.2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രശീതികളിലൂടെയും സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയുമുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി മാന്വൽ രശീതികൾ, സാംഖ്യ രശീതികളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

1. 30.01.2017 -ന് എൽഎസ്ജിഡി അസി. എഞ്ചിനീയർക്ക് ടെണ്ടർ ഫോറം വില ഈടാക്കുന്നതിനായി അനുവദിച്ച മാന്വൽ രശീതി ബുക്ക് നം 34121-ൽ 1,2 രശീതികൾ 2016-17 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ചിരിക്കുന്നു. 3,4 നം രശീതികൾ കീറിയിട്ടിട്ടുണ്ട്. രശീതി നം 5 മുതൽ 100 വരെ 17-18 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ചിരിക്കുന്നു.

2. 01.12.2017 -ന് എൽഎസ്ജിഡി അസി. എഞ്ചിനീയർക്ക് അനുവദിച്ച മാന്വൽ രശീതി ബുക്ക് നം 34127-ൽ 1മുതൽ 35 വരെ രശീതികൾ 2017-18 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ചിരിക്കുന്നു. രശീതി നം 36 മുതൽ 87 വരെ 2018-19 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ചിരിക്കുന്നു.

3. 24.09.2016 -ന് ശ്രീമതി. റീന, ക്ലർക്കിന് അനുവദിച്ച 34115, 30.12.16 ന് അരുൺ കുട്ടപ്പൻ. കെ, ക്ലർക്കിന് അനുവദിച്ച 34118 എന്നീ രശീതി പുസ്തകങ്ങൾ ഉപയോഗിച്ചിട്ടില്ല. സാമ്പത്തിക വർഷം അവസാനിച്ചിട്ടും പുസ്തകങ്ങൾ ക്യാൻസൽ ചെയ്യുകയോ സ്റ്റോക്കിലേക്ക് തിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 5/20.02.19 -ന് തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും ഉപയോഗിക്കാത്ത രശീതി പുസ്തകങ്ങൾ തിരികെ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

രശീതികൾ കൈകാര്യം ചെയ്യുമ്പോൾ സൂക്ഷ്മത പാലിക്കാത്തത് രശീതികളുടെ ദുരുപയോഗത്തിന് കാരണമാവുന്നതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ബജറ്റ് തയ്യാറാക്കൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പു പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ

കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.
കൊപ്പം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തതായി കാണുന്നില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനുവരി 22-നു മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടില്ല. ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല.
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് 21.03.2017 ലെ 1-ാം നമ്പർ തീരുമാനമായി ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ആയത് ചർച്ച ചെയ്യുന്നതിനായി 24.03.2017 തിയ്യതിയിൽ പ്രസിഡന്റ് പ്രത്യേക യോഗം വിളിക്കുകയും പ്രസ്തുത യോഗത്തിൽ ബജറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മാർച്ച് ഏഴിന് മുമ്പ് യോഗം വിളിക്കണമെന്ന സമയക്രമം പാലിച്ചിട്ടില്ല.

കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക വാർഷിക ബജറ്റിൽ വകയിരുത്താതെ പോകുന്നതിന് ഇടയാക്കുമെന്നകാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.13/21.02.19)

## 2-7 സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി- ഭവനനിധി രൂപീകരിച്ചിട്ടില്ല

31.07.2017 ലെ സ.ഉ (എം.എസ്) നം.151/2017/തസ്വഭവ പ്രകാരം സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ (ലൈഫ് മിഷൻ) മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിരുന്നു. പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട

അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെ എങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണെന്നും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഭവനനിധിയുടെ വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.എന്നാൽ കൊപ്പം ഗ്രാമപഞ്ചായത്തിൽ മേൽ നിർദേശപ്രകാരമുള്ള ഭവനനിധി രൂപീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.15/21.02.19 -ന് ഭവനനിധി രൂപീകരിക്കുന്നതിനും ആയതിന്റെ ധനസമാഹരണാർത്ഥം വ്യാപക പ്രചരണം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള, ഇ-ടെണ്ടർ നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി തുറന്നിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്. ബി. എെ അക്കൗണ്ട് നം. 37570197060 പട്ടാമ്പി) 25.06.2018 ന് 14973/-രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ഉണ്ടായിരുന്ന 2015-16 മുതൽക്കുള്ള കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില 11.06.2018ന് അസി.എഞ്ചിനിയറുടെ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുള്ളതാണ്. ഈ തുകയും ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കിയ മറ്റ് തുകകളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം- രേഖകൾ ഹാജരാക്കിയില്ല- 694625 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷത്തിൽ കൊപ്പം ഗ്രാമ പഞ്ചായത്ത് അസി. സെക്രട്ടറി നടപ്പിലാക്കിയ " പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം" എന്ന് പ്രൊജക്ട് നിർവഹണത്തിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട 25 ഗുണഭോക്താക്കൾ ആനുകൂല്യം ലഭിക്കുന്നതിനുള്ള യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 292/18 |
| പ്രൊജക്ടിന്റെ പേര് | SC വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് |
| പ്രൊജക്ട് അടങ്കൽ | 750000 രൂപ |
| ചെലവ് | 694625 |
| ബിൽ നമ്പർ | 17/18 തീയ്യതി. 27.3.2018 |
| E-tender ൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ എണ്ണം | 5 |
| ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനവും തുകയും | ലോജിക് കമ്പ്യൂട്ടേഴ്സ്, കൊപ്പം, പട്ടാമ്പി<br>27785/ /യൂണിറ്റ് |
| | |

| | |
|---|---|
| വാങ്ങിയ ലാപ്ടോപ്പുകളുടെ എണ്ണവും ബ്രാൻഡും. | 25- എണ്ണം<br>ACER LAP ES157213/4GB/1TB/LNX |
| ലാപ്ടോപ്പുകൾ സപ്ലൈ ചെയ്ത സ്ഥാപനം | ലോജിക് കമ്പ്യൂട്ടേഴ്സ്, കൊപ്പം, പട്ടാമ്പി |
| ഇൻവോയ്സ് നമ്പർ | LGQ75 22.3.2018 |
| പ്രൊക്യുർമെന്റ് കമ്മിറ്റി തീരുമാനം നമ്പർ | 1. തീയ്യതി 6.2.2018 |

13-പദ്ധതി സബ്സിഡി മാർഗ്ഗരേഖ, ജി.ഒ (എം.എസ്) 80/17 തി.3-4-17-ലെ ഖണ്ഡിക 11-8 ഉപഖണ്ഡിക 6 പ്രകാരം ലാപ്ടോപ്പ് വിതരണം ചെയ്യപ്പെടാൻ അർഹതയുള്ള SC/STവിദ്യാർത്ഥികൾ വകുപ്പിൽ നിന്നും ലാപ്ടോപ്പ് ലഭിച്ചിട്ടില്ല എന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഹാജരാക്കണം. കേരളത്തിന് പുറത്ത് പഠിക്കുന്ന ഗുണഭോക്താവാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ മേധാവിയിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കണം. പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥിയാണേങ്കിൽ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കണം.

II. ഗുണഭോക്താക്കൾ ഹാജരാക്കാത്ത രേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേരും വിലാസവും | പഠിക്കുന്ന സ്ഥാപനത്തിന്റെ പേര് | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | അഭിജിത്ത്, S/O.ശിവദാസൻ, പനമ്പറ്റപടി വീട്<br>പുലാശ്ശേരി P.O | പട്ടാമ്പി ബ്ലോക്ക് എഡ്യൂക്കേഷണൽ സൊസൈറ്റി, കള്ളാടിപ്പറ്റ. P.O | സ്ഥാപനത്തിന്റെ അഫിലിയേഷൻ/ വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ<br>(2) വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 2 | സുബിൻ. P.P<br>S/O ഗോപാലൻ, പനമ്പറ്റപ്പടി, കൊപ്പം, പുലാശ്ശേരി P.O | പട്ടാമ്പി ബ്ലോക്ക് എഡ്യൂക്കേഷണൽ സൊസൈറ്റി, കള്ളാടിപ്പറ്റ. P.O | (1) വകുപ്പിൽ നിന്നും ഈ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 3 | സുദീപ് S. S/O സുഭഗൻ, തെറ്റാലിക്കൽ വീട്, പുലാശ്ശേരി P.O | NSS കോളേജ്, ഒറ്റപ്പാലം | (1) വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 4 | സുനോജ്. M.T,<br>മമ്മിലിത്തൊടിയിൽ<br>ആമയൂർ P.O,<br>കൊപ്പം | MMSN ട്രസ്റ്റ് കോളേജ്,<br>ഷൊർണൂർ<br>VI sememster BBA | (1) വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 5 | അഭിലാഷ് S/O വിജയം. K.P, കണ്ണത്തുംപടി വീട്<br>പുലാശ്ശേരി | NSS കോളേജ്, ഒറ്റപ്പാലം<br>B.Sc Botany- III Year | (1) വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |

| | | | |
|---|---|---|---|
| 6 | നന്ദന<br>D/O. ശ്രീകുമാരൻ,<br>പൂളക്കപ്പറമ്പിൽ,<br>മണ്ണേങ്ങോട്. പി.ഒ | സ്വകാര്യ സ്ഥാപനം<br><br>IV semester BA Economics | (1) സ്ഥാപനത്തിന്റെ അഫിലിയേഷൻ/ വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ<br><br>(2) വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 7 | സുബിൻ K.P.<br><br>S/O വാസുദേവൻ,<br><br>കിഴുമുറി, കൊപ്പം | NSS ARTS & Science College, പറക്കുന്നം, ആനക്കര<br><br>IV സെമസ്റ്റർ B.Com | (1) സ്ഥാപനത്തിന്റെ അഫിലിയേഷൻ/ വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ<br><br>(2) വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 8 | വൈശാഖ്. P<br><br>വിശ്വനാഥൻ<br><br>പുലാക്കാട്ടിൽ, കിഴുമുറി | കാലിക്കറ്റ് യൂണിവേഴ്സിറ്റി,<br><br>സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കുറ്റിപ്പുറം<br><br>II – വർഷ MBA | വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 9 | കീർത്തന സത്യബാലൻ,<br><br>കോട്ടയിൽവീട്,<br><br>ആമയൂർ | പ്രൈവറ്റ് സ്റ്റഡി<br><br>പ്രഭാത് കോളേജ്, പട്ടാമ്പി | (1) സ്ഥാപനത്തിന്റെ അഫിലിയേഷൻ/ വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ<br><br>(2) വകുപ്പിൽ നിന്നും<br><br>ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന<br><br>ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ<br><br>സാക്ഷ്യപത്രം |
| 10 | അഖില.NP,<br><br>നല്ലോളിപ്പറമ്പിൽ,<br><br>മേൽമുറി. P.P | സ്വകാര്യ സ്ഥാപനം<br><br>(Lement,Pattambi)<br><br>M.Com. II | (1)സ്ഥാപനത്തിന്റെ അഫിലിയേഷൻ/ വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ<br><br>(2) വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |

| | | | |
|---|---|---|---|
| 11 | മഹിപാൽ. P.K<br>S/O മണികണ്ഠൻ,<br>പഠനായകത്തുകുണ്ട്, കിഴുമുറി.P.O | മലബാർ പോളിടെക്നിക് കോളേജ്, ചെർപ്പുളശ്ശേരി | വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 12 | നിതിൻ K.P<br>S/o വസന്ത. K.P<br>കൊലവർകുന്ന് പറമ്പിൽ,<br>കിഴുമുറി | NSS ഒറ്റപ്പാലം,<br>III Bsc. Maths | വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 13 | സ്മിനിത. സി.<br>D/O വേലായുധൻ,<br>ചെട്ടിയാർതൊടി,<br>മേൽമുറി | ശ്രീ സ്വാമി വിവേകാനന്ദ സെന്റർ ഓഫ് ടിച്ചർ എഡ്യുക്കേഷൻ, തോട്ടക്കര, ഒറ്റപ്പാലം | വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 14 | സവിത. MP<br>D/o വേലായുധൻ,<br>മുതലക്കാട്ടു പറമ്പിൽ,<br>കിഴുമുറി | സ്വകാര്യ സ്ഥാപനം<br>( Lement, Pattambi)<br>III B.com | (1) സ്ഥാപനത്തിന്റെ അഫിലിയേഷൻ/ വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ<br>(2) വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 15 | ചിഞ്ചു. P<br>D/O മണികണ്ഠൻ,<br>പാറക്കാട്ടു തൊടി, പുലാശ്ശേരി. P.O. | Lement, Pattambi<br>III Bsc (CS) | (1)സ്ഥാപനത്തിന്റെ അഫിലിയേ ഷൻ/ വിദ്യാർത്ഥിയുടെ യൂണി വേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധ മായ രേഖകൾ<br>(2) വകുപ്പിൽ നിന്നും<br>ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന<br>ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ<br>സാക്ഷ്യപത്രം |
| 16 | അമേയ,<br>D/o മണികണ്ഠൻ,<br>പൂളക്കപ്പറമ്പിൽ,<br>മണ്ണേങ്ങോട്, കൊപ്പം | ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിൽ, 2016- 17 വർഷത്തിലെ VI- സെമസ്റ്റർ BA (Eco.) | സമർപ്പിക്കപ്പെട്ട രേഖകൾ ലാപ്ടോപ് വിതരണം ചെയ്യുന്ന സമയത്ത് വിദ്യാർത്ഥിയല്ല എന്നു കാണുന്നു. |
| 17 | നിതിൻ . K.P<br>S/o ഗോപാലൻ,<br>പൂളക്കപ്പറമ്പിൽ, | മഹാത്മാ കോളേജ്<br>( സ്വകാര്യ സ്ഥാപനം)<br>B.Com | (1)സ്ഥാപനത്തിന്റെ അഫിലിയേഷൻ/ വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ |

| | | | |
|---|---|---|---|
| | മണ്ണേങ്ങോട്, പുലാശ്ശേരി | | (2) വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 18 | സുർജിത്ത്. VP<br>S/O മോഹനൻ,<br>വെട്ടത്തു പടി,<br>പുലാശ്ശേരി | SNGS കോളേജ്,<br>പട്ടാമ്പി.<br>(സർക്കാർ സ്ഥാപനം) | വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം. |
| 19 | ഷൈമ,<br>D/O ബാലൻ,<br>പൂളക്കപ്പറമ്പിൽ,<br>മണ്ണേങ്കോട്.,<br>പുലാശ്ശേരി P.O | SNGS കോളേജ്, പട്ടാമ്പി | വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 20 | ആതിര,<br>D/O വാസുദേവൻ, ഓടുപാറപ്പറമ്പിൽ,<br>തൃത്താല, കൊപ്പം | Lement, പട്ടാമ്പി<br>IIIBA | സ്ഥാപനത്തിന്റെ അഫിലി യേഷൻ/ വിദ്യാർത്ഥിയുടെ യൂണി വേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധ മായ രേഖകൾ |
| 21 | സായ്പ്രകാശ്<br>ഓംപ്രകാശ്, പ്രകാശ് നിലയം<br>പുലാശ്ശേരി | കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനമായ കോളേജ് ഓഫ് ഏവിയേഷൻ സയൻസ് ആന്റ് മാനേജ്മെന്റിൽ 27.2.2018 ന് BPT കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. | 2017-18 കാലയളവിൽ വിദ്യാർത്ഥിയായിരുന്നങ്കിലും ആനുകൂല്യം വിതരണം ചെയ്യുന്ന സമയത്ത് വിദ്യാർത്ഥിയല്ല എന്ന് രേഖകൽ പ്രകാരം കാണുന്നു. |
| 22 | ദേവാനന്ദ്,<br>S/O അച്ച്യുതൻ. T.P.<br>തലശ്ശേരിപ്പറമ്പിൽ, പുലാശ്ശേരി | ശേഷാദ്രിപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കർണാടക<br>MBA | വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |
| 23 | സ്മിത. P.K<br>D/o വാസു,<br>പന്നിയംകുന്നിൽ,<br>ആമയൂർ | MES കോളേജ്, ചെർപ്പുളശ്ശേരി<br>(സ്വകാര്യ സ്ഥാപനം)<br>M.Com | (1) സ്ഥാപനത്തിന്റെ അഫിലി യേഷൻ/വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ<br>(2) വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം. |
| 24 | വൈഷ്ണവി | സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ | (1)സ്ഥാപനത്തിന്റെ അഫിലിയേഷൻ/ |

| | | | |
|---|---|---|---|
| | D/O.സുബ്രഹമണ്യൻ, കുലവർകുന്ന്, കിഴുമുറി, പുലാശ്ശേരി | മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജ്, ആതവനാട്, മലപ്പുറം BA ( Eng. IV Sem) | വിദ്യാർത്ഥിയുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ (2) വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം. |
| 25 | സുകന്യ D/o സുബ്രഹ്മണ്യൻ, വെട്ടത്തുപടി, പുലാശ്ശേരി | ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി BA മലയാളം | വകുപ്പിൽ നിന്നും ഈയാനുകൂല്യം ലഭിച്ചിട്ടില്ലെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം |

മേൽ പറഞ്ഞ വിധം ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതിനു വിധേയമായി ഈയിനത്തിൽ ചെലവഴിച്ച 694625 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്നതിനു വേണ്ടി 3/19-2-2019-ന് നൽകിയ ഓഡിറ്റ് റിക്വിസിഷന് മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല.

## 3-2 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ 87 കുടിവെള്ള പദ്ധതികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആയതിനുള്ള വൈദ്യുതി ചാർജ്ജിനത്തിൽ പഞ്ചായത്ത് ഓഡിറ്റ് കാലയളവിൽ 22,93,031/- രൂപ അടവാക്കിയിട്ടുണ്ട്. (വാർഷിക ധനകാര്യ പത്രികയിലെ ആർ &പി - 13ലെ കോഡ് നം.230100104) ഇവയുടെ അറ്റകുറ്റ പണികൾക്കും, പരിപാലനത്തിനുമായി 183060/-രൂപ ഗ്രാമപഞ്ചായത്ത് (പ്രോജക്റ്റ് നം.293/18) അനുവദിച്ചിട്ടുണ്ട്. ഇവയിലൂടെയുള്ള ജല വിതരണത്തിന് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുലാമന്തോൾ തൂതപ്പുഴയ്ക്ക് സമീപം സ്ഥാപിച്ചിരിക്കുന്ന പമ്പ് ഹൗസിൽ സ്ഥാപിച്ചിട്ടുള്ള ബൾക്ക് മീറ്ററിന് മാസവാടകയിനത്തിൽ 6126/- രൂപ നിരക്കിൽ 73512 രൂപ മാത്രമാണ് പഞ്ചായത്ത് നിലവിൽ വാട്ടർ അതോറിറ്റിക്ക് അടച്ചുവരുന്നത്. കുടിവെള്ള പദ്ധതികൾ പഞ്ചായത്തിന് കൈമാറുന്നതിന് മുമ്പ് ജല അതോറിറ്റിക്ക് അടവാക്കേണ്ട വെള്ളക്കര കുടിശ്ശിക 2119463 രൂപയാണെന്ന് കേരള വാട്ടർ അതോറിറ്റിയുടെ 11/2018 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം കാണുന്നുണ്ട്. തുക അനുവദിക്കുന്നതിന് മുമ്പ് ജല അതോറിറ്റിക്ക് നൽകുവാനുള്ള കുടിശ്ശിക സംബന്ധിച്ച കാര്യങ്ങൾ അതോറിറ്റിയുമായി കൂടിയാലോചിച്ച് തീർപ്പുണ്ടാക്കണം.

ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന കുടിവെള്ള പദ്ധതികൾക്കും, ഇവയിലൂടെയുള്ള ജല വിതരണത്തിനായുള്ള ചെലവിനങ്ങളും സംക്ഷിപ്ത രൂപത്തിൽ താഴെ പറയും പ്രകാരം ചേർക്കുന്നു

| | |
|---|---|
| 87 കുടിവെള്ള പദ്ധതികൾക്കായുള്ള വൈദ്യുതി ചാർജ്ജ് | ₹22,93,031/- |
| | |

| | |
|---|---|
| അറ്റകുറ്റ പണികൾക്കും, പരിപാലനത്തിനുമായുള്ള ചെലവിനം | ₹ 183060/- |
| ബൾക്ക് മീറ്ററിനുള്ള മാസവാടക | ₹ 73,512/- |
| ആകെ ചെലവ് | ₹25,49,603/- |

ഗ്രാമ പഞ്ചായത്തിലെ "ജലശ്രീ" കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി വിവിധ കുടിവെള്ള പദ്ധതികൾക്കായി 2019 ജനുവരി മാസം വരെ 3450 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. പ്രതിമാസം 60/- രൂപ നിരക്കിൽ വെള്ളക്കരം ഈടാക്കുന്നുമുണ്ട്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് താഴെപറയുന്ന ഇനത്തിൽ വരവുകളുണ്ടായിട്ടുണ്ട്.

| | |
|---|---|
| കുടിവെള്ള ചാർജ്ജ് (കുടിശ്ശിക) | ₹ 273032/- |
| കുടിവെള്ള ചാർജ്ജ് (തന്നാണ്ട്) | ₹ 1085187/- |
| ആകെ | ₹ 1358219/- |

വെള്ളക്കരമിനത്തിൽ 31.03.2018 ന് താഴെ പറയുന്ന തുക പിരിച്ചെടുക്കാനുണ്ട്.

| | |
|---|---|
| വെള്ളക്കര കുടിശ്ശിക | ₹ 474027/- |

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായുള്ള മേൽ പറഞ്ഞ ചെലവിനങ്ങളും കുടിവെള്ള വിതരണത്തിനായി ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്ന വരവിനങ്ങളും തമ്മിൽ താരതമ്യ പഠനത്തിന് വിധേയമാക്കിയാൽ ആകെ ചെലവ് വരവിനേക്കാൾ വളരെ അധികമാണെന്ന് മനസ്സിലാക്കാവുന്നതാണ്. [(ആകെ ചെലവ്- 25,49,603/-) - (ആകെ വരവ്- 1358219/-) = 1191384/-)]. നിലവിൽ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള 87 കുടിവെള്ള പദ്ധതികളും ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല. ഇവയുടെ നടത്തിപ്പിനായി ഗ്രാമ പഞ്ചായത്തിന് വരുന്ന ഭീമമായ ചെലവിനം ഒഴിവാക്കുവാനായി ഘട്ടംഘട്ടമായി കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതികൾ പൂർണ്ണമായി കാര്യക്ഷമമാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറികഴിഞ്ഞാൽ പിന്നീട് ഇവയുടെ നടത്തിപ്പും, പരിപാലനവും പ്രസ്തുത സമിതികളാണ് ഏറ്റെടുക്കേണ്ടത്. ഇതിലൂടെ ഗ്രാമ പഞ്ചായത്തിന് കുടിവെള്ള പദ്ധതി നടത്തിപ്പിലൂടെയുണ്ടാകുന്ന ഭീമമായ ചെലവ് ഒഴിവാക്കുവാൻ സാധ്യമാകുമെന്നതിനാൽ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/21-02-2019) സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി നടപിടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 മൃഗസംരക്ഷണ രംഗത്ത് പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല

ദാരിദ്ര്യ നിർമാർജനത്തിനുള്ള ജനകീയ പദ്ധതിയെന്ന നിലയിൽ മൃഗസംരക്ഷണ മേഖലയ്ക്ക് നിർണ്ണായകമായ പ്രാധാന്യമാണ് വികസന മേഖല നൽകുന്നത്. സങ്കീർണ്ണമായ സാങ്കേതിക വിദ്യകൾ

ഒന്നും ആവശ്യപ്പെടാത്ത ലളിതവും മനുഷ്യാധ്വാനത്തിലധിഷ്ഠിതവുമായ പ്രവർത്തനങ്ങളിലൂടെ സ്ഥിര വരുമാനത്തിനുള്ള ഉറവിടമെന്ന നിലയിൽ 23 ഓളം വൈവിധ്യമാർന്ന പ്രൊജക്ടുകൾ, ഓരോ പ്രദേശത്തിന്റേയും ഭൂമി ശാസ്ത്രപരമായ പ്രത്യേകതകളും വിഭവ ലഭ്യതകളും ഉപയോഗപ്പെടുത്തി നടപ്പാക്കാവുന്നതാണെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗ രേഖ നിർദേശിക്കുന്നു. കാർഷികാധിഷ്ഠിത ഗ്രാമീണ മേഖലയായ കൊപ്പം ഗ്രാമ പഞ്ചായത്തിന്റെ ഭൂമി ശാസ്ത്രപരമായ പ്രത്യേകതകളും വിഭവ ലഭ്യതയും പരമാവധി ഉപയോഗപ്പെടുത്തി, സബ്സിഡി മാർഗ്ഗ രേഖയിൽ നിർദ്ദേശിച്ചത് പ്രകാരം അനുയോജ്യമായ പ്രൊജക്ടുകൾ നടപ്പിലാക്കാമായിരുന്നു എന്നിരിക്കെ മൃഗ സംരക്ഷണരംഗത്ത് 2017-18 സാമ്പത്തിക വർഷത്തിൽ പ്രൊജക്ടുകൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല

ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 14 തീയ്യതി. 21.2.2019) മറുപടി സമർപ്പിച്ചില്ല.
ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സാഹചര്യങ്ങൾ വിഭവ ലഭ്യത, മനുഷ്യ വിഭവ ശേഷി എന്നിവ പരാമവധി ഉപയോഗപ്പെടുത്തി ത്വരിത ഗതിയിലുള്ള സന്തുലിതവും സർവതോന്മുഖവുമായ വികസനത്തിൽ മുഴുവൻ മേഖലകളേയും ഉൾപ്പെടുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 അങ്കണവാടി പോഷകാഹാര വിതരണം- കേന്ദ്ര വിഹിതം -തുക വിനിയോഗിച്ചില്ല- വിശദീകരണമാവശ്യപ്പെടുന്നു

കൊപ്പം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ സർവതോന്മുഖമായ വികസനത്തിനു വേണ്ടി അനുവദിച്ച കേന്ദ്ര സഹായവിഹിതത്തിൽ 1921834 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

സാമൂഹ്യനീതി വകുപ്പിന്റെ സർക്കുലർ നം. 39033ഡി.ഡി.2/2010 തീയ്യതി. 3.9.2010 ൽ ഈയിനത്തിൽ അനുവദിക്കുന്ന കേന്ദ്ര വിഹിതം എന്തെല്ലാം കാര്യങ്ങൾക്ക് ഉപയോഗിക്കാമെന്നത് സംബന്ധിച്ച് വ്യക്തമായ നിർദേശം നൽകിയിട്ടുണ്ട്.

അങ്കണവാടികൾക്കാവശ്യമായ കെട്ടിടം, സ്ഥലം, വൈദ്യുതി, കുടിവെള്ളം, ഭക്ഷണ സംഭരണി, പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവയുൾപ്പെടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ തുക ഉപയോഗപ്പെടുത്താവുന്നതാണ്.

നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ | എണ്ണം-5 |
| വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ | 4 |
| ചുറ്റു മതിലില്ലാത്ത അങ്കണവാടികളുടെ | 11 |

| | |
|---|---|
| എണ്ണം | |
| കമ്പ്യൂട്ടറുകൾ സ്ഥാപിക്കപ്പെടാത്ത അങ്കണവാടികളുടെ എണ്ണം | 25 |

മതിയായത്ര തുക കേന്ദ്ര വിഹിതമിനത്തിൽ അവശേഷിച്ചിരിക്കെ അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ തുക വിനിയോഗിക്കാതിരുന്നതിന് വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 17 തീയ്യതി 27.2.2019) മറുപടി സമർപ്പിച്ചില്ല. ഈയിനത്തിൽ അവശേഷിക്കുന്ന തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെ ഗുണമേന്മ വർധിപ്പിക്കുന്നതിന് വിനിയോഗിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ (പി) നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 7 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 21 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. (പല വർക്ക് ഫയലുകളിലും സെലക്ഷൻ നോട്ടീസ് നൽകിയതായി രേഖ ഇല്ല)

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ/ തീരുമാനം/ സെലക്ഷൻ നോട്ടീസ് നൽകിയത് | എഗ്രിമെന്റ് തീയതി/ കരാറുകാരൻ/ ബിൽനം.etc. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1. | അടുകുറിശ്ശി പറമ്പ് റോഡ് കോൺക്രീറ്റിംങ് (പ്രോജ.നം.59/18)<br>PAC-100000/- | 25-09-17<br>സെലക്ഷൻ നോട്ടീസ് നൽകിയിട്ടില്ല | 57/06-12-17<br>എം.വി.അബ്ദുൾ റസാഖ് (ബിൽനം.108/26-2-18) | 1000/- |
| 2. | ഓണക്കുഴി-ചിറങ്കര റോഡ് കോൺക്രീറ്റിംങ് (പ്രോജ.നം.84/18)<br>PAC-100000/- | 25-09-17<br>സെലക്ഷൻ നോട്ടീസ് നൽകിയിട്ടില്ല | 56/06-12-17<br>എം.വി.അബ്ദുൾ റസാഖ് (ബിൽനം.107/ 26-2-18) | 1000/- |

മേൽ പറഞ്ഞ പ്രകാരമുള്ള തുക 2000/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ഗുണഭോക്തൃസമിതി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ 133 മരാമത്ത് പ്രവൃത്തികളിൽ 51 എണ്ണവും ഗുണഭോക്തൃസമിതികൾ മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/ 13/ത.സ്വ.ഭ.വ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 എന്നിവ പ്രകാരം തുടർന്ന് മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. പല പ്രവർത്തികളുടെയും കാഷ്/പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഉദാ:-

1)പൂളക്കാപറമ്പ് കോളനി-നടപ്പാത കോൺക്രീറ്റിംങ് (പ്രോജ.നം.162/18)

2) അയ്യപ്പൻകാവ്-പുന്നെക്കാട് റോഡ് കോൺക്രീറ്റിംങ് (പ്രോജ.നം.167/18).

കൺവീനർമാർ കണക്കുകൾ ഹാജരാക്കിയിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിലാകട്ടെ പല കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കും ആവശ്യമായതിൽ അധികം സിമന്റ് വാങ്ങിയതായി കാണിച്ചുകൊണ്ടുള്ള ബില്ലുകളാണ് കൺവീനർമാർ ഹാജരാക്കിയിരിക്കുന്നത്. കൺവീനർമാർ ആരുംതന്നെ പണിനടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(5) പ്രകാരം ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട് വെളിപ്പെടുന്ന പക്ഷം ഗുണഭോക്തൃ സമിതിയുടെ കൺവീനർ പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദിത്തത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും, ബിനാമി ഇടപാടിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണ്. കൂടാതെ കരാർ വ്യവസ്ഥ 2. പ്രകാരം "പ്രവൃത്തി മുഴുവനായോ ഭാഗികമായോ യാതൊരു കരാറുകാരനെയോ കരാറുകാരെയോ കരാർ കമ്പനിയേയോ ബിനാമിയേയോ ഏൽപ്പിക്കാവുന്നതല്ല". ഫയൽ പരിശോധിച്ചതിൽ കൺവീനർമാർ പ്രവൃത്തികൾ സബ്ബ്കോൺട്രാക്ട് നൽകിയതായാണ് രേഖകൾ സൂചിപ്പിക്കുന്നത്. മെറ്റീരിയൽ വാങ്ങിയതിന്റെ കൈപ്പറ്റ് രസീതിയും പ്രവൃത്തി സബ്ബ്കോൺട്രാക്ട് നൽകിയതിന്റെ രേഖയുമാണ് കൺവീനർ സമർപ്പിച്ചിട്ടുള്ളത്.

ഉത്തരവ് നം. (എം.എസ്) 42/99/പ്ലാനിങ്ങ് തിയ്യതി 16-12-99 ലെ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകൾ സൂക്ഷിച്ചതായി കാണുന്നില്ല. കൂടാതെ പ്രവൃത്തികളുടെ നടത്തിപ്പിന് മൊബിലൈസേഷൻ അഡ്വാൻസോ, സെക്വേർഡ് അഡ്വാൻസോ അനുവദിക്കുന്നില്ല.

ഗുണഭോക്തൃസമിതിയുടെ മിനുട്സ് ബുക്കുകളിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമല്ല. (ഓരോ ഇനം പ്രവൃത്തിയുടെ അളവ്, നിരക്ക്, പ്രവൃത്തി പൂർത്തീകരണത്തിന്റെ സമയക്രമം, പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികളുടെ അളവ്, തൊഴിലാളികളുടെ എണ്ണം, വൗച്ചറുകൾ, വരവ്-ചെലവ് കണക്കുകൾ പാസ്സാക്കിയതിന്റെ വിവരം തുടങ്ങിയവ). കൺവീനർ മുഖേന നടത്തുന്ന പ്രവൃത്തികൾക്ക് യന്ത്രോപകരണങ്ങളുടെ വാടകയുടെ കാഷ്ബിൽ, സാധനസാമഗ്രികളുടെ പർച്ചേസ് ബിൽ തുടങ്ങിയവ ഫയലിൽ സൂക്ഷിക്കണം എന്ന വ്യവസ്ഥയുണ്ട്. എന്നാൽ പല പ്രവൃത്തികളുടെയും ഫയലിൽ പർച്ചേസ് ബില്ലുകൾ പൂർണ്ണമായും ലഭ്യമല്ല. വർക്കിങ്ങ് ഗ്രൂപ്പ് മോണിറ്ററിങ്ങ് റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല.

സാങ്കേതിക വൈദഗ്ദ്യം പൂർണ്ണമായും ആവശ്യമുള്ള പ്രവൃത്തികൾ കൺവീനർമാരെ ഏൽപ്പിക്കുകയും മെറ്റീരിയൽ പർച്ചേസ് മാത്രം ഗുണഭോക്തൃസമിതി നടത്തുകയും പ്രവൃത്തി കോൺട്രാക്ടർ മുഖേന നിർവ്വഹിക്കുകയും ചെയ്യുന്നത് ആശാസ്യമല്ല. ഗുണഭോക്തൃസമിതികൾക്ക് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത പ്രവൃത്തികൾ സമിതിയെ ഏൽപ്പിക്കുകയും സമിതി മറ്റു കരാറുകാർക്ക് സബ്ബ്കോൺട്രാക്ട് നൽകുകയും ചെയ്യുന്നത് അംഗീകരിക്കാവുന്നതല്ല. പ്രവൃത്തികൾ നേരിട്ട് നടപ്പിലാക്കാൻ സാങ്കേതികപരിജ്ഞാനവും സംവിധാനവും ഉള്ള കൺവീനർമാരെ പദ്ധതികൾ ഏൽപ്പിക്കുകയോ അല്ലാത്തപക്ഷം ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-7 മരാമത്ത് പ്രവൃത്തികൾ-ഫയൽ രേഖകൾ പൂർണ്ണമല്ല

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

1. വാഴപ്പുറം കോളനി കുടിവെള്ള പദ്ധതി(214/18)

2. പരതക്കാട് റോഡ് സംരക്ഷണഭിത്തി കെട്ടൽ(പ്രോജ.നം.201/18)
മേൽ പറഞ്ഞ പ്രവൃത്തികളിൽ താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ക്രമ നം. 1- വർക്ക് ബിൽ, മെറ്റീരിയൽ ബിൽ,എം.ബുക്ക് എന്നിവ. പ്രവൃത്തി മുഴുവൻ ഇനങ്ങളും ചേർത്ത് പൂർത്തിയാക്കാത്തതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്. ബിൽ നം.4/31-5-17 തുക-21578/-

ക്രമ നം. 2-വർക്ക് ബിൽ, എം.ബുക്ക് എന്നിവ.ബിൽ നം.01/31-05-17, തുക-72052/-

മേൽ പറഞ്ഞ മരാമത്ത് ഫയലുകൾ ഓഡിറ്റ് എൻക്വയറി നം.22/22-2-19 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട ചെലവ് 93630/-(21578+72052)രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 മോട്ടോർ അറ്റകുറ്റപ്പണികൾ- കിഴിവ് ചെയ്ത തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കിയില്ല

പ്രോജക്റ്റ് നമ്പരും, പേരും-293/18

ജലശ്രീ കുടിവെള്ള പദ്ധതി മോട്ടോർ അറ്റകുറ്റപ്പണികൾ

അടങ്കൽ- ₹ 340000/- (തനത് ഫണ്ട്)

ചെലവ്- ₹ 183060/- (വൗച്ചർ നം. 21700448/13-10-2017)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

കൊപ്പം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 20 കുടിവെള്ള പദ്ധതികളുടെ കേടുവന്ന മോട്ടോറുകൾ (5 HP മോട്ടോർ റീവൈൻഡിംഗിനും മറ്റുമായി) റിപ്പയർ ചെയ്യുന്നതിന് 9950 രൂപ വീതം 199000/- (20*9950) രൂപയുടെ ബിൽ ഹാജരാക്കിയതിൽ കരാറുകാരനായ ശ്രീ. ഷിഹാബലി.കെ, ടെക്നിക്ക് റിപ്പയർ, തൃത്താല കൊപ്പം എന്നയാൾക്ക് 15940 രൂപ ബില്ലിൽ നിന്നും കിഴിവ് വരുത്തി (VAT-9960, IT-3980, KCWWF-2000) 183060 രൂപയാണ് നൽകിയത്. എന്നാൽ കുറവ് ചെയ്ത തുക ഗ്രാമ പഞ്ചായത്ത് അതത് ശീർഷകത്തിലേക്ക് അടവാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.08/20.02.2019) കിഴിവ് ചെയ്ത തുകകൾ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആകയാൽ തുകകൾ (9960+3980+2000=15940) ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഉടൻ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 അങ്കണവാടി കെട്ടിട നിർമ്മാണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും, ICDS ഉം, ഗ്രാമ പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്ന താഴെ പറയുന്ന മൂന്ന് അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനുള്ള പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് വിഹിതം ₹ 2,00,000/- വീതം മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി (തിരുവനന്തപുരം)ക്ക് കൈമാറിയതല്ലാതെ നാളിതുവരെയും നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റിന്റെ നമ്പരും, പേരും | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 279/18, അഭയം അങ്കണവാടിക്ക് കെട്ടിട നിർമ്മാണം | ₹ 900000 (700000 – കേന്ദ്രാവിഷ്കൃത ഫണ്ട്, 200000 – റോഡിതരം) | 200000 (22/24.02.2018) |
| 2 | 280/18, കിഴക്കേക്കര അങ്കണവാടിക്ക് കെട്ടിടം | ₹ 900000 (700000 – കേന്ദ്രാവിഷ്കൃത ഫണ്ട്, 200000 – റോഡിതരം) | 200000 (20/20.01.2018) |
| 3 | 281/18, കളത്തുംപടി അങ്കണവാടി നിർമ്മാണം | ₹ 900000 (700000 – കേന്ദ്രാവിഷ്കൃത ഫണ്ട്, 200000 – റോഡിതരം) | 200000 (31/21.03.2018) |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.06/20-02-2019) മൂന്ന് പ്രവർത്തികളും എഗ്രിമെന്റ് വെച്ച് നിർമ്മാണം ആരംഭിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആകയാൽ പണി പൂർത്തിയാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന് തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ഭീമമായ തുക ചെലവഴിക്കേണ്ടി വരുന്നുണ്ട്. വിവിധ രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>എ. വൈദ്യുതി ചാർജ്ജ്</u>

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് **കൊപ്പം** ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന തെരുവുവിളക്കുകളാണ് നിലവിലുള്ളത്.

| ക്രമ നം. | തരം | എണ്ണം | നിരക്ക് (പ്രതിമാസം) |
|---|---|---|---|
| 1 | സോഡിയം വേപ്പർ ലാമ്പ് (1*250 Watts) | 47 | 447 |
| 2 | സി.എഫ്.എൽ (1*11Watts) | 9 | 16 |
| 3 | സി.എഫ്.എൽ (2*11Watts) | 780 | 32 |
| 4 | എൽ.ഇ.ഡി (1*18 Watts) | 3 | 14 |
| 5 | ഫ്ലൂറസെന്റ് ട്യൂബ് (2*40 Watts) | 210 | 134 |
| | ആകെ | 1049 | |

2017-18 സാമ്പത്തിക വർഷം ₹ 826820/- തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ അടവാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകൾക്കായി അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ വിശദവിവരങ്ങൾ അടങ്ങുന്ന മേൽ പട്ടികയിൽ നിന്നും സോഡിയം വേപ്പർ ലാമ്പിനാണ് കൂടുതൽ ചെലവ് വരുന്നതെന്ന് മനസ്സിലാക്കാവുന്നതാണ് (പ്രതി വർഷം ₹ 252108/- (47*447*12)). ആയതിന് പകരം താരതമ്യേന വൈദ്യുതി ഉപഭോഗം കുറഞ്ഞതും, ആയുസ്സ് കൂടിയതുമായ വിളക്കുകൾ ഉപയോഗിക്കുകയാണെങ്കിൽ അടവാക്കുന്ന വൈദ്യുതി ചാർജ്ജിൽ നല്ലൊരു ശതമാനം കുറവ് കൈവരിക്കുവാൻ സാധിക്കുന്നതാണ്.

<u>ബി. സാധനസാമഗ്രികളുടെ വാങ്ങലുകളും അറ്റകുറ്റപണിയും</u>

വൈദ്യുതി ചാർജ്ജ് കൂടാതെ അറ്റുകറ്റപണികൾക്കും, സാധന സാമഗ്രികളുടെ വാങ്ങലിനുമായി തനത് ഫണ്ടിൽ നിന്നും വികസനഫണ്ടിൽ നിന്നും വൻ തുക ചെലവഴിക്കുന്നുണ്ട്. 2017-18 വർഷത്തിൽ ഈ ആവശ്യങ്ങൾക്കായി സെക്രട്ടറി മുഖേന ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നമ്പറും,പേരും | ചെലവ് | | റിമാർക്സ് |
|---|---|---|---|---|
| | | തുക | ബിൽ നം./ ചെക്ക് നം. & തീയതി | |
| 1 | 244/18, തെരുവ് വിളക്ക് സ്ഥാപിക്കൽ | 197100 | 33/27-03-2018 (ധനകാര്യ കമ്മീഷൻ അവാർഡ്) | 2*11W CFL- 193 Nos.<br>(193*1740=335820) 2017-18 ൽ നൽകിയ തുക 197100 |
| 2 | 277/18, തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ | 123829 | 3082286/<br>23.03.2018 (തനത് ഫണ്ട്) | CFL, Tube light അറ്റകുറ്റപ്പണികൾ |
| 3 | 155/18, തെരുവ് വിളക്ക് സ്ഥാപിക്കൽ | 236690 | 10/23-09-2017 (ലോക ബാങ്ക് സഹായം) | 2*11W CFL (Automatic)- 142 Nos.<br>11w PLS 4Pin - 284 Nos. |
| 4 | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ | 150000 | 51700509/18-11-2017 (തനത് ഫണ്ട്) | തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ |

| | | | | |
|---|---|---|---|---|
| | ആകെ | 707619 | | |

**<u>സി.തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ</u>**

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ ഗ്രാമ പഞ്ചായത്ത് ഒടുക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് മീററിംഗ് സംവിധാനം നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല. മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജ് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം, *burning hours* എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമപഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. മീറ്ററിംഗ് സംവിധാനത്തിന്റെ അഭാവത്തിൽ പ്രവർത്തനക്ഷമമല്ലാതെ വരുന്ന തെരുവ് വിളക്കുകൾക്കും പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കേണ്ട സാഹചര്യം ഉണ്ടാവുന്നു. ആയത് ഒഴിവാക്കുവാനും അടയ്ക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കണക്കുകളിൽ കൃത്യതയും/ സുതാര്യതയും കൈവരിക്കുവാനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

**ഈ സാഹചര്യത്തിൽ താഴെ പറയുന്ന അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.**

1. തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
2. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പകരം ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. എൽ ഇ ഡി ലാമ്പുകൾ മറ്റു ലാമ്പുകളെ അപേക്ഷിച്ച് ആയുസ്സ് കൂടിയതും പരിസ്ഥിതിക്ക് ഹാനികരമല്ലാത്തവയുമാണ്. ആയതിനാൽ തെരുവ് വിളക്കുകൾക്ക് എൽ ഇ ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകണം. വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കിയും, വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ടും തെരുവ് വിളക്കിന് ആവശ്യമായ എൽ ഇ ഡി ലാമ്പുകൾ വാങ്ങാവുന്നതാണ്.
3. എല്ലാ തെരുവു വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.
4. അടിയന്തിരമായി KSEB-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം/തരം/നിരക്ക് എന്നിവ നിർണ്ണയിച്ച് വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന്റെ കൃത്യത പരിശോധിക്കേണ്ടതാണ്.
5. സ.ഉ(പി)നം.259/2010/തസ്വഭവ, തിയതി 08-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകൾക്കായുള്ള മാർഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

6. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നമ്പർ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിനുള്ള ശ്രമം നടത്താവുന്നതാണ്. ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി കാര്യക്ഷമമായ തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചാൽ വൈദ്യുതി ചാർജ്ജും പരിപാലനച്ചെലവും ഗണ്യമായി കുറയ്ക്കുവാൻ സാധിക്കുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന തുടർനപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.19/21.02.2019)

## 3-11 ഫെസ്റ്റിവൽ അഡ്വാൻസ് (ഓണം അഡ്വാൻസ് ) തുക നാളിതുവരെയും ക്രമീകരിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് (ഓണം അഡ്വാൻസ്) തുക ജീവനക്കാർക്ക് നൽകിയത് നാളിതുവരെയും ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| മുന്നിരിപ്പ് | തൻവർഷം നൽകിയ തുക | ആകെ | നാളിതുവരെ ക്രമീകരിച്ച തുക | ക്രമീകരിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ₹ 2000 | ₹ 85000 | ₹87000 | ₹ 85000 | ₹ 2000 |

നാളിതുവരെയും ക്രമീകരിക്കാത്ത അഡ്വാൻസ് തുക ₹ 2000/- ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്നും നിയമാനുസൃത പലിശ സഹിതം ഈടാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 09/20-02-2019)

## 3-12 സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ- മാർഗരേഖ പാലിക്കുന്നില്ല

| പ്രോജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 134/18, സാന്ത്വന പരിചരണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 750000/- (പ്ലാൻ ഫണ്ട് - ജനറൽ) | 722600/- |

മേൽ പ്രോജക്റ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ സ.ഉ.(സാധാ) 3217/2015/തസ്വഭവ, തീയതി.29.10.2015 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ

പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. എന്നാൽ 07/2017 മുതൽ 12/2017 വരെ കമ്മിറ്റി യോഗം ചേർന്നിട്ടില്ല.

2. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് വേണ്ടി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ഓരോ മാസവും അവലോകനയോഗങ്ങൾ (Review Meeting) കൂടേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം 17/08/17, 15/01/18 തിയ്യതികളിലായി രണ്ട് അവലോകന യോഗങ്ങൾ മാത്രമാണ് കൂടിയിട്ടുള്ളത്.

3. മാർഗ്ഗരേഖയിലെ അനുബന്ധം 9 -ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ അവതരിപ്പിക്കേണ്ടതും അത് യോഗം വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.

4. ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിക്ക് ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

5. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള ഹോം കെയർ വാഹനം ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നവർക്ക് നൽകേണ്ടതാണെന്നും ക്വട്ടേഷൻ പിഎംസി അംഗീകരിക്കേണ്ടതാണെന്നും ക്വട്ടേഷൻ കാലാവധി 6 മാസമായിരിക്കണമെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഓടുന്ന ദൂരത്തിന് ആനുപാതികമായ പരമാവധി ദിവസ വാടകയും മാർഗ്ഗരേഖയിലുണ്ട്. രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ക്വട്ടേഷൻ ക്ഷണിച്ചതായോ പിഎംസി അംഗീകരിച്ചതായോ ചെയ്ത് കാണുന്നില്ല. ഓടുന്ന ദൂരം പരിഗണിക്കാതെ ദിനംപ്രതി 1000/- രൂപ നിരക്കിലാണ് വാടക അനുവദിച്ചിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/22.02.19 -ന് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ മേലിൽ പാലിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

29.10.2015-ലെ സ.ഉ.(സാധാ)3217/2015/തസ്വഭവ പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC), അവലോകനയോഗങ്ങൾ (Review Meeting) എന്നിവ കൂടേണ്ടതും ഹോം കെയർ വാഹനം ക്വട്ടേഷൻ മുഖേന നിശ്ചയിച്ച് സഞ്ചരിക്കുന്ന ദൂരത്തിന് ആനുപാതിക നിരക്ക് നൽകേണ്ടതുമാണ്.

## 3-13 ഡെപ്പോസിറ്റ് വർക്കുകളുടെ പൂർത്തീകരണം- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2017-18 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് വർക്കുകൾക്കായി ഗ്രാമ പഞ്ചായത്ത് കെ.എസ്.ഇ.ബി, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് തുക കൈമാറിയതിന്റെ വിശദവിവരങ്ങൾ ചുവടെ

ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (₹) | ട്രഷറി ബിൽ നം./ ചെക്ക് നം. |
|---|---|---|---|
| കെ.എസ്.ഇ.ബി | 312/18, തെരുവു വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ വലിക്കൽ | 451706 (ലോക ബാങ്ക് സഹായം) | 17/16-01-18(262186), 18/6-01-18 (189520) |
| കേരള ജല അതോറിറ്റി | 316/18, ബൾക്ക് മീറ്റർ മാറ്റി സ്ഥാപിക്കൽ | 38250 (റോഡിതരം) | 24/12-03-2018 |
| കെ.എസ്.ഇ.ബി | 316/18, കള്ളിവളപ്പിൽ കുടിവെള്ള പദ്ധതിക്ക് ത്രീഫേസ് ലൈൻ വലിക്കൽ | 102800 {47000 -ധനകാര്യ കമ്മീഷൻ അവാർഡ്, 55800 -തനത് ഫണ്ട്} | 102800 (47000-25/12-03-2018), 55800-Cheque No. 3082283/ 31.03.2018 |

നാളിതുവരെയും ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആകയാൽ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.07/20.02.2019)

## 3-14 വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ സ.ഉ.(എം.എസ്)170/2007/ ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ അടിസ്ഥാനമാക്കി പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

**വാഹനം (Bolero SLE) രജിസ്ട്രേഷൻ നം. KL 52-C / 4545**

- ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നില്ല.
- ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

  1. ലോഗ് ബുക്ക്, 2. ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്, 3. റിപ്പയർ രജിസ്റ്റർ, 4. ഫ്യുവൽ രജിസ്റ്റർ

  എന്നാൽ ലോഗ് ബുക്ക് മാത്രമാണ് പഞ്ചായത്തിൽ സൂക്ഷിച്ചു വരുന്നത്.

- ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
- ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കസ്റ്റോഡിയൻ ഓഫീസർ (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽ വ്യവസ്ഥയും ഗ്രാപഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല.

വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ പാലിക്കുവാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്. ലോഗ് ബുക്കുിലും രജിസ്റ്ററുകളിലും പൂർണ്ണമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

## 3-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

താഴെ പറയുന്ന തുകകൾ കൈമാറിയത് ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റിന്റെ നമ്പരും, പേരും | അടങ്കൽ (₹) | ചെലവ് (₹) | ബിൽ നം. & തീയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 268/18, പി.എം.എ.വൈ പഞ്ചായത്ത് വിഹിതം | 70000 (പ്ലാൻ ഫണ്ട്- ജനറൽ) | 70000 | 26/ 09-03-2018 | സെക്രട്ടറി, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി |
| 269/18, പി.എം.എ.വൈ പഞ്ചായത്ത് വിഹിതം | 140000 (പ്ലാൻ ഫണ്ട്- എസ്.സി.പി) | 70000 | 23/ 25-02-2018 | സെക്രട്ടറി, പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി |
| 8/18, എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ | 1000000 (പ്ലാൻ ഫണ്ട്- ജനറൽ) | 1000000 | 01/ 14-09-2017 | സർവ്വ ശിക്ഷ അഭിയാൻ, ജില്ലാ പ്രോജക്റ്റ് ഓഫീസർ, പാലക്കാട് | ഹെഡ് മാസ്റ്റർ |

മേൽ പറഞ്ഞ പ്രോജക്റ്റുകൾ പ്രകാരം കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 150000 | 129/18, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 467750 | 63/18, സമൃദ്ധി, നെൽകൃഷിക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം | 467750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 494800 | 270/18, വൃദ്ധജനങ്ങൾക്ക് കട്ടിൽ | 0 | 494800 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 650000 | 132/18, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 650000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 312/18, തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ വലിക്കൽ | 17/16-01-2018 (₹262186)<br>18/06-01-2018 (₹189520) | 451706 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കേരള വാട്ടർ അതോറിറ്റി | 316/18, ബൾക്ക് മീറ്റർ മാറ്റി സ്ഥാപിക്കൽ | 24/12-03-2018 | 38250 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കെ എസ് ഇ ബി | 318/18, കള്ളിവളപ്പിൽ കുടിവെള്ള പദ്ധതിക്ക് ത്രീഫേസ് ലൈൻ വലിക്കൽ | 25/12-03-2018 (₹47000)<br>55800 (തനത് ഫണ്ട്) | 102800 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കെ എസ് ഇ ബി | 322/18, വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | തനത് ഫണ്ട് | 23526 | 23526 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | ജി.ഓ.(പി)നം. 532/2010/ 18.02.2010 | 2813802 | 385692 | 385692 | 0 | 0 |

•

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | ₹1176388 |
| പലിശ | ₹85629 |
| ആകെ | ₹1262017 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹1262017 |

2017-18 സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നം./സ്ഥിര നിക്ഷേപം നം. |
|---|---|---|
| സ്ഥിരനിക്ഷേപം സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, കൊപ്പം | 1262017 | 40374201500011/28.03.2018 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച11076 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3.8 | 11076 | അബ്ദുൾ ലത്തീഫ്, സെക്രട്ടറി (റിട്ടയേർഡ്) | 117010111583/ 13.03.2018 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നും നിലവിലില്ലയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | (3-22) | 2005-06 | 5.1.2 | മരാമത്ത് പണികളുടെ ചട്ടലംഘനം, ദുർവ്യയം എന്നിവ സംബന്ധിച്ച പൊതു പരാമർശം | വിഷയം സർക്കാരിന്റെ പരിഗണന യിലാണ് |
| പ്രവർത്തനാ വലോകന റിപ്പോർട്ട് | ---- | 2011-12 | 3-1-11 | പവർ റീപ്പർ ഉപയോഗിക്കുന്നില്ല | ---ടി--- |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഒന്നുമില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | ₹71114096 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹60754020 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 788255 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-5 | | 2000/-(പിഴ) | ശ്രീമതി.എം.കെ.ശാന്ത,അസി.എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 694625 | ശ്രീ.കെ.പി.ജിനചന്ദ്രൻ,അസി.സെക്രട്ടറി |
| 3-7 | 93630 | ശ്രീമതി.എം.കെ.ശാന്ത, അസി.എഞ്ചിനീയർ |
| ആകെ | 788255 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-8 | VAT-9960/-<br>I T-3980/-<br>KCWWF-2000/- |
| ആകെ | 15940/- |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഒന്നുമില്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എം.കെ.ശാന്ത, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കൊപ്പം ഗ്രാമപഞ്ചായത്ത് | മണ്ണത്താൻമാരിൽ വീട്, പരുത്തിപ്ര, ഷൊർണ്ണൂർ പി.ഒ. പാലക്കാട് പിൻ-679121 |
| ശ്രീ.കെ.പി.ജിനചന്ദ്രൻ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, കൊപ്പം ഗ്രാമപഞ്ചായത്ത് | കോടെങ്കിൽ വെട്ടത്ത്, പുലാശ്ശേരി പി.ഒ, പട്ടാമ്പി വഴി, പാലക്കാട് ജില്ല. പിൻ-679307 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| | | |

| | | |
|---|---|---|
| 1996-97 | LFP3/93/06.01.94 | 4 |
| 1997-98 | LFP13/355/A/00/31.12.05 | 7 |
| 1998-99 | LFP8-507/01/04/05.07.04.01.02 | 6 |
| 1999-00 | LFP8-563/04/05.07.04 | 3 |
| 2000-01 | LFP13-593/06/13.09.06 | 4 |
| 2001-02 | LFP13-779/06/17-10-06 | 6 |
| 2002-03 | LFP13-1137/10/05.10.10 | 4 |
| 2003-04 | LFP13-1138/10/15-09-10 | 3 |
| 2004-05 | LFP13-1139/10/15-09-10 | 5 |
| 2005-06 | LFP13-1140/10/15-09-10 | 8 |
| 2006-07 | LFP13-1141/10/27-09-10 | 5 |
| 2007-08 | LFP13/859/10/25-06-12 | 7 |
| 2008-09 | LFP-13/860/12/25-06-12 | 9 |
| 2009-10 | LFP-13/167/14/14-03-14 | 8 |
| 2010-11 | LFP-13/167/14/14-03-14 | 11 |
| 2011-12 | LFP-13/410/14/31.03/14 | 9 |
| 2012-13 | LFP-13/2413/2014/ 05-01-2015 | 13 |
| 2013-14& 2014-15 | നം. കെ.എസ്.എ-പികെഡി-13/1178/16/27.7.2016 | 15 |
| 2015-16 | KSA-PKD-13/25/2017 | 12 |
| 2016-17 | നം. കെ.എസ്.എ-പികെഡി- 13-1755/2017/20.10.2017 | 21 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി.21/1904(64)/2018 തിയതി:29-8-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ

സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊപ്പം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി തുകകളും സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2
## ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് & റെസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

ബാലൻസ് ഷീറ്റ്

| Koppam Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |

| | | | |
|---|---|---|---|
| 310000000 | Panchayat / Municipal Fund | B-1 | 16954125.30 |
| 312000000 | Reserves | B-3 | 26141146.00 |
| | **Total Reserve & Surplus** | | **43095271.30** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3853930.00 |
| | **Total Grants, Contributions for Specific Purposes** | | **3853930.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 0.0 |
| | **Total Loans** | | **0.0** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 3586000.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1299721.60 |
| | **Total Current Liabilities and Provisions** | | **4885721.60** |
| | **TOTAL LIABILITIES** | | **51834922.90** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 39437897.00 |
| 411000000 | Accumulated Depreciation | B-11 | -1528367.00 |
| 412000000 | Capital Work in Progress | B-11(a) | 797100.00 |
| | **Total Fixed Assets** | | **38706630.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 1262017.00 |
| | **Total Investments** | | **1262017.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 991682.90 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -120000.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 10360076.00 |
| 460000000 | Loand, Advances and Deposits | B-18 | 634517.00 |
| | **Total Current Assets, Loans and Advances** | | **11986275.90** |

| | | |
|---|---|---|
| | Total Current Assets, Loans and Advances | -120000.00 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 51834922.90 |

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Koppam Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 5248896.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 695296.00 |
| 140000000 | Fee & User Charges | I-4(b) | 2378789.00 |
| 150000000 | Sale & Hire Charges | I-5(b) | 254910.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 109383710.00 |
| 170000000 | Income from Investments | I-7 | 85629.00 |
| 171000000 | Interest Earned | I-8 | 69133.00 |
| 180000000 | Other Income | I-9 | 14851.00 |
| | **Total Income** | | **118131214.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 9165463.00 |
| 220000000 | Administrative Expenses | I-11(b) | 890419.00 |
| 230000000 | Operations & Maintenance | I-12(b) | 3881850.00 |
| 240000000 | Interest & Finance Charges | I-13 | 744.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6006250.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 25837609.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2657569.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 473750.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 47993362.00 |
| 255000000 | Maintenance Projects | I-14(e) | 13663931.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 15000.00 |
| | **Total Expenditure** | | **110585947.00** |
| | **Gross Surplus/ Deficit of income over Expenditure** | | **7545267.00** |
| 280000000 | Prior Period Item | I-18 | 590021.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **6955246.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

റെസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Koppam Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 6774824.00 |
| Cash | Cash | RP-40(a) | 340562.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 913860.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 0.0 |

| | | | |
|---|---|---|---|
| 140000000 | Fees & User Charges | RP-4 | 748789.00 |
| 150000000 | Sale & Hire Charges | RP-5 | 254910.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 46442541.00 |
| 171000000 | Interest Earned | RP-9 | 69133.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5293629.00 |
| 350000000 | Other Liabilities | RP-36 | 395982.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 14851.00 |
| 340000000 | Deposits Received | RP-34 | 646962.00 |
| 350000000 | Other Liabilities | RP-36 | 348735.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8869318.00 |
| | **Grand total** | | **71114096.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3572303.00 |
| 220000000 | Administrative Expenses | RP-12 | 890419.00 |
| 230000000 | Operations & Maintenance | RP-13 | 3881850.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3801646.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17114521.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2657569.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 473750.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 548862.00 |
| 255000000 | Maintenance Projects | RP-20 | 13663931.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 15000.00 |
| 280000000 | Prior Period item | RP-26 | -11565.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 500000.00 |
| 350000000 | Other Liabilities | RP-36 | 4430411.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 744.00 |
| 280000000 | Prior Period Item | RP-26 | -2500.00 |
| 330000000 | Secured Loans | RP-32 | 385692.00 |
| 340000000 | Deposits Received | RP-34 | 419896.00 |
| 350000000 | Other Liabilities | RP-36 | 1276654.00 |
| 410000000 | Fixed Assets | RP-38 | 5632420.00 |
| 412000000 | Capital work in Progress | RP-40 | 797100.00 |
| 460000000 | Loans, Advances and Deposits | RP-47 | 705317.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 10164324.00 |
| Cash | Cash | RP-40(b) | 195752.00 |
| | **Grand Total** | | **71114096.00** |